**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **T 2648** | **19.03.2015** ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള സംവരണത്തിനുള്ള മേൽത്തട്ട് വരുമാന പരിധി.

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.റ്റി.എ.അഹമ്മദ് കബീർ | **ശ്രീ. എ.പി. അനിൽകുമാർ (പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** |
| (എ) കേരളത്തിൽ പ്രൊഫഷണൽ കോഴ്സുകളുടെ പ്രവേശനത്തിന് സാമൂഹ്യവും വിദ്യാഭ്യാസപരവുമായി പിന്നോക്കം നില്ക്കുന്നവരെ മേൽത്തട്ട് വരുമാന പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ; | (എ) ഇല്ല |
| (ബി)ജസ്റ്റിസ് ശിവരാജൻ കമ്മീഷൻ റിപ്പോർട്ടിന്റെ ശുപാർശകൾ എന്തൊക്കെ യെന്ന് വിശദമാക്കുമോ; | (ബി) അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| (സി) മേൽത്തട്ട് വരുമാന പരിധി പ്രകാരം സംവരണം ലഭിക്കുന്ന പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് ഫീസ് സൗജന്യവും, വിദ്യാഭ്യാസ വായ്പ, ഏക മകൾക്കുള്ള സ്കോളർഷിപ്പ് തുടങ്ങിയവയും അനുവദിക്കുന്നതിന് നിലവിലുള്ള നടപടി ക്രമങ്ങൾ വ്യക്തമാക്കുമോ; | (സി)നോൺക്രീമിലെയർ മാനദണ്ഡ പ്രകാരം സംവരണം ലഭിക്കുന്ന പിന്നാക്ക സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് ഫീസ് സൗജന്യത്തിനുള്ള വരുമാന പരിധി 1,00,000/- രൂപയാണ്. ഒ.ബി.സി.യിൽ തന്നെയുൾപ്പെട്ട മറ്റർഹ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് (OEC) വരുമാന പരിധിയില്ലാതെ ആനുകൂല്യങ്ങൾ ലഭ്യമാണ്. GO(MS)10/2014 തീയതി 23/5/2014 പ്രകാരം മുപ്പത് സമുദായങ്ങൾക്ക് 6 ലക്ഷം രൂപ വരുമാന പരിധിക്ക് വിധേയമായും വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുന്നു. ഇതിനുള്ള അപേക്ഷ ഓൺലൈൻ ആയി സമർപ്പിച്ച് ഇ-ഗ്രാന്റ്സ് സോഫ്റ്റ് വെയർ മുഖേനയാണ് നൽകുന്നത്. OBC വിഭാഗക്കാർക്ക് മാത്രമായി ഏകമകൾ സ്കോളർഷിപ്പ് അനുവദിക്കുന്നില്ല. എന്നാൽ യു.ജി.സി.നേരിട്ട് സർവ്വകലാശാലകൾ മുഖേന വിതരണം ചെയ്യുന്ന ഇന്ദിരഗാന്ധി സ്കോളർഷിപ്പ്, ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് പഠിക്കുന്ന ഒറ്റ പെൺകുട്ടിക്ക് നൽകി വരുന്നുണ്ട്. |
| (ഡി) ആയത് സംബന്ധിച്ച് സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ വ്യവസ്ഥകൾ ക്രോഡീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തടിസ്ഥാനത്തിലാണ് നിലവിൽ അതുസംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ഡി) സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ വ്യവസ്ഥകൾ ക്രോഡീകരിച്ചിട്ടില്ല. |

Vajan

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ല...